LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യധാന്യങ്ങൾ വാങ്ങിയതിലെ നഷ്ടം

59 [2809] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*
ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, *പി. സി. ജോർജ്:*
,, *എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ, പൊതുവിപണിയിലെ വിലയേക്കാൾ കൂടിയ വിലയ്ക്ക് 2002 സെപ്റ്റംബർ 4-ന് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയതിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം എന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതു രീതിയിലുള്ള അന്വേഷണമാണ് നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) എന്തു തുകയുടെ ക്രമക്കേടുകളാണ് അന്വേഷണത്തെത്തുടർന്ന് കണ്ടെത്തിയിട്ടുള്ളതെന്ന് പറയാമോ;

(ഇ) ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. കോർപ്പറേഷന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) കോർപ്പറേഷന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയതിൽ കുറ്റക്കാരെന്നു തെളിഞ്ഞ രണ്ട് അഡീഷണൽ ജനറൽ മാനേജർമാരെയും രണ്ട് ക്വാളിറ്റി കൺട്രോളർമാരെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ, 2002 ജൂൺ 30-ന് അഡീഷണൽ ജനറൽ മാനേജരായി റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്, കൂടിയ വിലയ്ക്ക് 14 ഇനം സാധനങ്ങൾ വാങ്ങിയതിന്റെ പേരിൽ റിക്കവറി നോട്ടീസ് അയച്ചിട്ടുണ്ട്.

(ഡി) 32.77 ലക്ഷം രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(ഇ) 16-3-1995 മുതൽ 15-3-2005 വരെയുള്ള കാലയളവിൽ കോർപ്പറേഷനിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുവാൻ ഒരു ജുഡീഷ്യൽ അന്വേഷണ കമ്മീഷനെ നിയമിക്കുകയും കമ്മീഷന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.